KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

PATRON K. MURALEEDHARAN Ex.M.P | PRESIDENT K.P DHANAPALAN Ex.M.P 9447083300 | WORKING PRESIDENT Adv. SIBYKUTTY FRANCIS 9447303578 | GENERAL SECRETARY NAZEER.M 9447241503

No. KEEC/GL/2025/37

തിരുവനന്തപുരം
16.06.2025

സ്വീകർത്താവ്
ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : - കാൾ സെന്റർ - സെക്ഷൻ ഓഫീസുകളിലെ കസ്റ്റമർ കമ്മ്യൂണിക്കേഷൻ സ്വകാര്യവത്ക്കരണ തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : - Notice Inviting Expression of Interest dated 10.6.2025

സൂചന നോട്ടീസ് പ്രകാരം KSEB യുടെ കാൾ സെന്റർ (തിരുവനന്തപുരം), ഇലക്ട്രിക്കൽ സെക്ഷനുകളിലെ കസ്റ്റമർ കമ്മ്യൂണിക്കേഷൻ തസ്തികകൾ എന്നിവിടങ്ങളിലേക്ക് Vendors നെ ക്ഷണിച്ചുകൊണ്ട് നോട്ടീസ് പ്രസിദ്ധീകരിച്ചിരിക്കുകയാണല്ലോ. 2016 ൽ UDF ഭരണകാലത്ത് 50 സ്ഥിരം ജീവനക്കാരുമായി ആരംഭിച്ച വൈദ്യുതിഭവൻ കാൾ സെന്ററിൽ ഇപ്പോൾ 16 സ്ഥിരം ജീവനക്കാരിൽ പരിമിതപ്പെടുത്തിയതിന്റെ പിന്നിൽ സ്വകാര്യവത്ക്കരണ ഉദ്ദേശമായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായിരിക്കുകയാണ്. സെക്ഷൻ ഓഫീസുകളിലെ കസ്റ്റമർ കമ്മ്യൂണിക്കേഷനിലെ തസ്തികകളും സൂചന ടെണ്ടർ പരിധിയിൽ വരുന്നതോടെ 777 സെക്ഷനുകളിലെ ഓരോ തസ്തികകളും സ്ഥിരനിയമന പരിധിയിൽ നിന്നും ഒഴിവാകുമെന്ന് സംശയിക്കുന്നു. ഇത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്. KSEB ക്ക് അകത്ത് മറ്റൊരു അധികാര കേന്ദ്രം വരുന്നതിനെ സ്വകാര്യവത്ക്കരണത്തിന്റെ തുടക്കമായി മാത്രമേ കണനാകുകയുള്ളു. Vendors ൽ നിന്നും അപേക്ഷ ക്ഷണിച്ച് അവർ ആൾക്കാരെ അവിടങ്ങളിൽ നിയമിക്കുന്നത് വഴി 2 അധികാര കേന്ദ്രങ്ങൾ വരുമെന്ന് മാത്രമല്ല ഭാവിയിൽ മറ്റ് മേഖലകളിലും സൗകര്യപ്രദമായി ഇവർക്ക് കൈമാറാനുള്ള സൗകര്യം മാനേജ്മെന്റിന് ലഭിക്കുകയും ചെയ്യും. ഈ നീക്കത്തെ സംഘടനയ്ക്ക് അംഗീകരിക്കാനാവില്ല. KSERC അനുവദിച്ചിരിക്കുന്ന 30321 തസ്തികകളാണ്. നിലവിൽ 25000

ജീവനക്കാർ മാത്രം. ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി (ഫീൽഡിൽ) PSC ടെസ്റ്റ് പാസ്സ് ആയി നിൽക്കുന്ന നിലവിലുള്ള കോൺട്രാക്റ്റ് വർക്കർ ലിസ്റ്റിലുള്ളവരെ വർക്കേഴ്സ് ആയി നിയമിക്കാവുന്നതാണ്. കോടതിവിധിയും ഗവൺമെന്റ് ഉത്തരവും പ്രകാരം നിയമനം കാത്ത് നിൽക്കുന്ന കുറെയേറെ PSC റാങ്ക് ഹോൾഡേഴ്സ് വർക്കർ റാങ്ക് ലിസ്റ്റിൽ **ഉണ്ട്**. അവർക്കും കൂടി നിയമനം നൽകിയതിനുശേഷം ബാക്കി വരുന്ന ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യാവുന്നതും PSC ലിസ്റ്റ് വരുന്നതുവരെ എംപ്ലോയ്മെന്റ് വഴി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

കെ.പി.ധനപാലൻ Ex.MP
പ്രസിഡന്റ്

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

നസീർ.എം
ജനറൽ സെക്രട്ടറി